# പുളിയൻ മുന്തിരിങ്ങ

ഹായ്! നല്ല പഴുത്ത മുന്തിരിങ്ങയുടെ മണം.
കേളുക്കുറുക്കൻ ചുറ്റും നോക്കി.
അതാ മുന്തിരിക്കുലകൾ !!
കുറുക്കന്റെ വായിൽ വെള്ളമൂറി.
മുന്തിരിക്കുലയെല്ലാം വളരെ
ഉയരത്തിലാണ്. എങ്ങനെ കിട്ടും?
കുറുക്കൻ ചിന്തിച്ചു.
കേളുവിന് കൊതി അടക്കാൻ വയ്യ.
കേളു മുന്തിരിക്കുലക്കു നേരെ വായും
പൊളിച്ച് ചാടി.
എത്ര ചാടിയിട്ടും മുന്തിരിങ്ങ കിട്ടിയില്ല.
ഇതെല്ലാം കുഞ്ഞിക്കിളി
കാണുന്നുണ്ടായിരുന്നു. കുഞ്ഞിക്കിളി
കുറുക്കനെ കളിയാക്കിച്ചിരിച്ചു.
അപ്പോൾ കുറുക്കൻ പറഞ്ഞു:
"അയ്യേ.. ആർക്കു വേണം ഈ പുളിയൻ
മുന്തിരിങ്ങ, എനിക്ക് വേണ്ട."
കേളുക്കുറുക്കൻ നാണിച്ച് ഓടിപ്പോയി.
കുഞ്ഞിക്കിളി പറഞ്ഞു: "കിട്ടാത്ത മുന്തിരി
പുളിക്കും."





ദിവാകരൻ.പി
ALPS KUTTIPPURAM SOUTH